# പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2023-26)

## പത്താമത് റിപ്പോർട്ട്

(2025 ഒക്ടോബർ മാസം 09 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

( കൂടൽമാണിക്യം ദേവസ്വം ബോർഡ്, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

**പത്താമത് റിപ്പോർട്ട്**

**(2025 ഒക്ടോബർ മാസം 09 -ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**( കൂടൽമാണിക്യം ദേവസ്വം ബോർഡ്, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)**

## ഉള്ളടക്കം


| | |
|---|---|
| | പേജ് |
| സമിതിയുടെ ഘടന | .. V |
| മുഖവുര | .. VII |
| ആമുഖം | .. 1 |
| റിപ്പോർട്ട് | .. 3-11 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീ. പി.സി. വിഷ്ണുനാഥ്

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ.കെ. അക്ബർ

ശ്രീ. എം.എസ്. അരുൺകുമാർ

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ

ശ്രീ. കെ.യു. ജനീഷ് കുമാർ

ശ്രീ. എം.നൗഷാദ്

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ

ശ്രീ. എം.വിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. റീന വി.ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ.എസ്., അണ്ടർ സെക്രട്ടറി

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2025 ജൂൺ 25-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്

തിരുവനന്തപുരം
2025 ഒക്ടോബർ 09

ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

## ആമുഖം

ഇന്ത്യൻ ഭരണഘടന ഇന്ത്യൻ പൗരന് ഉറപ്പ് നൽകുന്ന 'അറിയാനുള്ള അവകാശം' പ്രാവർത്തികമാക്കുന്നതിൽ നിയമസഭകൾ വലിയ പങ്ക് വഹിക്കുന്നു. പൊതുഖജനാവിൽ നിന്നും ഭീമമായ ധനസഹായം കൈപ്പറ്റുന്ന സംസ്ഥാനത്തിന്റെ വിവിധ സ്ഥാപനങ്ങൾ എപ്രകാരം പ്രവർത്തിക്കുന്നുവെന്നും സർക്കാർ നൽകുന്ന ഫണ്ട് എപ്രകാരം വിനിയോഗിക്കുന്നുവെന്നും സൂചിപ്പിക്കുന്ന രേഖകളടങ്ങിയ റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിലൂടെ അത്തരം രേഖകൾ പൊതുസമൂഹത്തിന്റെ അറിവിലേക്കായി തുറന്നുകൊടുക്കുകയാണ് ചെയ്യുന്നത്. സർക്കാർ നൽകുന്ന ധനം ഫലപ്രദമായും കാര്യക്ഷമമായും വിനിയോഗിക്കുന്നു എന്ന് പൊതുസമൂഹം ബോധ്യപ്പെടുന്നത് ഇത്തരം സ്ഥാപനങ്ങൾ നിയമസഭയിൽ യഥാസമയം സമർപ്പിക്കുന്ന വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളിലൂടെയാണ്. മാത്രമല്ല, എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി (ഉത്തരവാദിത്വം) എന്ന നിലയിലും ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. സ്ഥാപനങ്ങൾ യഥാസമയം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നില്ലായെങ്കിൽ ആയത് നിയമസഭയോടും ജനാധിപത്യത്തോടുമുള്ള അവഹേളനമായി കണക്കാക്കപ്പെടുന്നു.

നിയമസഭയിൽ രേഖകൾ യഥാസമയം സമർപ്പിക്കുന്നതിലൂടെ അവ സസൂക്ഷ്മം പരിശോധിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താനും അവയുടെ വളർച്ചയ്ക്ക് പ്രേരകമാകാവുന്ന ശിപാർശകൾ ബഹു. സാമാജികർക്ക് സഭയിലും സമിതികളിലും ഉന്നയിക്കാനും അവ നടപ്പിലാക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ വളർച്ച ദ്രുതഗതിയിലാക്കാനും കഴിയും. റിപ്പോർട്ട് സമർപ്പണത്തിൽ നിരന്തരം കുടിശ്ശിക വരുത്തുന്നത്, സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റിംഗിന് ഭംഗം വരുത്തുകയും തദ്വാരാ അവയുടെ തകർച്ചയിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും.

സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശിക വരുത്തിയതിനാൽ 13.01.2022-ന് റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ ദേവസ്വം ബോർഡുകളുടെ റിപ്പോർട്ട് കുടിശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി തെളിവെടുപ്പ് യോഗത്തിൽ നൽകിയ ഉറപ്പ് പാലിക്കപ്പെടാത്തതിനാലും സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും സമിതി കൂടൽമാണിക്യം ദേവസ്വം ബോർഡ് സന്ദർശിച്ച് സ്ഥാപനത്തിന്റെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനുമായി തെളിവെടുപ്പ് നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് സമിതി 09.12.2024-ാം തീയതി **കൂടൽമാണിക്യം ദേവസ്വം ബോർഡ്** സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയുമുണ്ടായി.

കൂടാതെ രണ്ട് തെളിവെടുപ്പ് യോഗങ്ങൾ നടത്തിയതിനു ശേഷവും കേരള കലാമണ്ഡലത്തിന്റെ 11 വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് നേരിട്ട് മനസ്സിലാക്കുന്നതിനും സഭയിൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം സ്ഥാപനത്തെ നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനുമായാണ് 09.12.2024-ാം തീയതി **കേരള കലാമണ്ഡലം** നേരിട്ട് സന്ദർശിച്ച് തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിച്ചത്.

കൂടൽമാണിക്യം ദേവസ്വം ബോർഡ്, കേരള കലാമണ്ഡലം എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിനും സ്ഥാപനങ്ങൾക്കും നൽകിയ നിർദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

## റിപ്പോർട്ട്

## കൂടൽമാണിക്യം ദേവസ്വം ബോർഡ്

മഹാവിഷ്ണുവിന്റെ അംശാവതാരവും ശ്രീരാമന്റെ സഹോദരനുമായ ഭരതന്റെ പ്രതിഷ്ഠയുള്ള (സംഗമേശ്വരൻ) ഇന്ത്യയിലെ അപൂർവം ക്ഷേത്രങ്ങളിൽ ഒന്നാണ് കൂടൽമാണിക്യം ക്ഷേത്രം. സുന്ദരമായ ഈ പുരാതന ക്ഷേത്രം സ്ഥിതി ചെയ്യുന്നത് തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലാണ്. ഉപദേവതകൾ ഇല്ലാത്തത് ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ് കേരളീയ വാസ്തുവിദ്യയുടെ പ്രത്യക്ഷ ഉദാഹരണമാണ് ഈ ക്ഷേത്രത്തിലെ കൂത്തമ്പലം. 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റ് പ്രകാരം രൂപീകരിച്ച കൂടൽമാണിക്യം ദേവസ്വം ബോർഡാണ് ക്ഷേത്രത്തിന്റെ നടത്തിപ്പും പരിപാലനവും.

1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിലെ സെക്ഷൻ 13(1), 13(2) എന്നിവ പ്രകാരം ദേവസ്വത്തിന്റെ വാർഷിക ഭരണ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത ആക്ടിലെ സെക്ഷൻ 13(1), 13(2) താഴെ പറയും പ്രകാരമാണ്.

"(1) The Committe shall annually submit to the Government a report on the administration of the affairs of the Devaswom at such time as the Government may prescribe, and such report shall be forthwith published by the Committee in the prescribed manner.

(2) The report prepared and published under sub-section(1) shall,as soon as possible , be laid before the Legislative Assembly."

1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിന്റെ വകുപ്പ് 22-ൽ കൂടൽമാണിക്യം ദേവസ്വത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

" 22.- (1) ' The government shall every year appoint an auditor to audit the accounts of the Devaswom and fix his remuneration.

(2) The remuneration to the auditor shall be paid from the Temple Fund.

(3) The auditor shall submit his report to the Committee and send a copy of it to the Government, and thereupon the Government may issue such directions thereon as they deem fit, and the Committee shall comply with such directions'."

ഒരു സ്ഥാപനം തുക ചെലവഴിക്കുമ്പോൾ ചെലവഴിക്കലിന്റെ പോരായ്മ ചൂണ്ടിക്കാണിക്കപ്പെടുന്നത് ഓഡിറ്റിംഗിലൂടെയാണെന്നും കൃത്യമായി ഓഡിറ്റിംഗ് നടത്താത്തതുകൊണ്ടാണ് യഥാസമയം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ സാധിക്കാത്തതെന്നും ഓഡിറ്റ് നടത്തിയാലേ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ സാധിക്കുകയുള്ളൂവെന്നും ഗവൺമെന്റിന് യഥാസമയം നടപടിയെടുക്കണമെങ്കിൽ ഓരോ വർഷത്തെ കണക്കുകളും അതതുവർഷം തന്നെ ലഭ്യമാക്കണമെന്നും 09.12.2024-ലെ തെളിവെടുപ്പ് സന്ദർശന യോഗത്തിൽ സമിതി അഭിപ്രായപ്പെട്ടു.

(2) സർക്കാരിൽ നിന്നും 50 ലക്ഷം രൂപയിലധികം ഗ്രാന്റ് കൈപ്പറ്റുന്ന പ്രസ്തുത സ്ഥാപനങ്ങൾ നിലവിലെ ചട്ടമനുസരിച്ച് അതാത് സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞ് വരുന്ന ഡിസംബർ 31-നകം നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ പ്രതിവർഷ വരവ്/ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിലും സഭയിൽ സമർപ്പിക്കുവാൻ സമയബന്ധിതമായി ലഭ്യമാക്കുന്നതിലും കൂടൽമാണിക്യം ദേവസ്വം ബോർഡ് നിതാന്ത ജാഗ്രത പുലർത്തുന്നില്ല എന്നത് വളരെ ഗൗരവമുള്ള വിഷയമാണ് എന്ന് മാത്രമല്ല ആറ് വർഷത്തെ കുടിശിക റിപ്പോർട്ടുകളാണ് കൂടൽമാണിക്യം ദേവസ്വം ബോർഡ് ലഭ്യമാക്കാനുള്ളത് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കൂടൽമാണിക്യം

ദേവസ്വത്തിന്റെ  വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് ദേവസ്വം വകുപ്പിലേയ്ക്ക് നിരവധി ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും 13-01-2022-ൽ തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നുവെങ്കിലും  ടി തെളിവെടുപ്പ് യോഗത്തിൽ നൽകിയ ഉറപ്പ് (പ്രസ്തുത തെളിവെടുപ്പ് വേളയിൽ 2011, 2012, 2013, 2016, 2018, 2019, 2020, 2021 വർഷത്തെ റിപ്പോർട്ടുകൾ കുടിശികയായിരുന്നു. ഇതിൽ 2011, 2012, 2013, 2018, 2019, 2020 എന്നീ വർഷങ്ങളിലെ വാർഷിക ഭരണ റിപ്പോർട്ടുകൾ തെളിവെടുപ്പ് വേളയിലും ലഭ്യമാക്കിയിരുന്നില്ല. കൂടാതെ, 2023-ലെ റിപ്പോർട്ടും ലഭ്യമാകേണ്ടതുണ്ടായിരുന്നു.) പാലിക്കപ്പെടാത്തതുകൊണ്ടാണ് കൂടൽമാണിക്യം ദേവസ്വം ബോർഡ് സന്ദർശിച്ച് തെളിവെടുപ്പ് നടത്താൻ സമിതി നിർബന്ധിതമായതെന്ന് പ്രസ്തുത യോഗത്തിൽ സമിതി അറിയിച്ചു.

കുടിശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രികയിന്മേൽ സമിതി ആവശ്യപ്പെടുന്ന അധികവിവരം യഥാസമയം  ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുള്ള വീഴ്ചയായി സമിതി വിലയിരുത്തി. ആയതിനാൽ റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രികയിന്മേൽ സമിതി അധികവിവരം ആവശ്യപ്പെടുന്നപക്ഷം ആയത് കാലവിളംബം കൂടാതെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

കൂടൽമാണിക്യം ദേവസ്വം ബോർഡിന്റെ 2011 മുതലുള്ള കുടിശിക റിപ്പോർട്ടുകൾ മൂന്നുമാസത്തിനകം സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് 13-01-2022-ലെ തെളിവെടുപ്പ് വേളയിൽ വകുപ്പ് സമിതിക്ക് ഉറപ്പുനൽകിയിരുന്നത് പാലിക്കപ്പെട്ടില്ല. 9.12.2024 -ലെ സന്ദർശന തെളിവെടുപ്പ് യോഗത്തിനുശേഷം സ്ഥാപനത്തിന്റെ 2011, 2012, 2018, 2019, 2023 എന്നീ വർഷങ്ങളിലെ ഭരണ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2013, 2020 വർഷങ്ങളിലെ റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ 2013, 2020 വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ അടിയന്തരമായി ലഭ്യമാക്കണമെന്നറിയിക്കുന്നതോടൊപ്പം റിപ്പോർട്ടുകൾ സമയബന്ധിതമായും

തുടർച്ചയായും ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നും നിതാന്ത ജാഗ്രത ഉണ്ടാകണമെന്നും സമിതി നിർദേശിക്കുന്നു.

05.12.2024-ൽ ലഭ്യമാക്കിയ 2018, 2019 വർഷങ്ങളിലെ റിപ്പോർട്ടുകളൊടൊപ്പം പൊതുവായ ഒരു കാലതാമസപത്രികയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഓരോ വർഷവും കാലതാമസം ഉണ്ടാകുന്നത് ഓരോ കാരണങ്ങൾ കൊണ്ടായിരിക്കുമെന്നതിനാൽ ഓരോ വർഷത്തേയ്ക്കും കാലതാമസപത്രിക പ്രത്യേകമായി തന്നെ ലഭ്യമാക്കേണ്ടതാണെന്നും കാലതാമസപത്രികയിൽ പൊതുവായി പരാമർശിക്കുന്ന ജീവനക്കാരുടെ അഭാവം, ഭരണപരമായ കാലതാമസം, കോവിഡ് എന്നിങ്ങനെയുള്ള കാരണങ്ങൾ കാലതാമസപത്രികയിൽ രേഖപ്പെടുത്താൻ പാടില്ലെന്ന് ബഹു. സ്പീക്കറുടെ റൂളിംഗ് ഉള്ളതിനാലും സമിതിയുടെ (2011-14)-ലെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയ്ക്ക് വിരുദ്ധമായതിനാലും കുടിശികയായ ഓരോ വർഷത്തെ റിപ്പോർട്ടുകൾക്കൊപ്പം പ്രത്യേകം കാലതാമസപത്രിക തന്നെ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ആയത് ലഭ്യമാക്കിയിട്ടില്ല. കൂടൽമാണിക്യം ദേവസ്വം ബോർഡിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ബജറ്റിന്റെ ഡിമാന്റ് ചർച്ചകളിൽ അംഗങ്ങൾ പങ്കെടുക്കുമ്പോൾ കൂടൽമാണിക്യം ദേവസ്വത്തിന്റെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെങ്കിലും വിഷയനിർണ്ണയ സമിതിയുടെ ബജറ്റ് സ്ക്രൂട്ടിനി വേളയിൽ അധികത്തുക ആവശ്യപ്പെടണമെങ്കിലും റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കണമെന്നും 2011-ലെ റിപ്പോർട്ട് 2024-ൽ പരിശോധിച്ചിട്ട് കാര്യമില്ലെന്നും റിപ്പോർട്ടുകൾ

പരിശോധിച്ചതിനുശേഷം സമിതി ഇക്കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ ശിപാർശകൾ നൽകുകയും ചെയ്യുമെന്നും റിപ്പോർട്ടിലെ ഉള്ളടക്കം സഭയിൽ ചർച്ച ചെയ്യാറുണ്ടെന്നും സമിതി തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കി.

റൂൾസ് ഓഫ് പ്രൊസീജിയറിൽ വാർഷിക റിപ്പോർട്ട്/ഓഡിറ്റ് റിപ്പോർട്ട് Lay ചെയ്യണം എന്നാണ് സൂചിപ്പിച്ചിരിക്കുന്നതെന്ന് വകുപ്പ് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ റൂൾസ് ഓഫ് പ്രൊസീജിയർ പരിഷ്കരിക്കുന്ന വേളയിൽ ചട്ടം 166 ബി-യിൽ 'വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്' എന്നാക്കി മാറ്റുവാൻ സമിതിയുടെ നിർദേശമായി റൂൾസ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കൂടൽമാണിക്യ ക്ഷേത്രത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിന് അതത് വകുപ്പ് അദാലത്തിൽ വിഷയങ്ങൾ ഉന്നയിക്കേണ്ടതാണെന്നും തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ദേവസ്വം ബോർഡ് നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## കേരള കലാമണ്ഡലം

കവി വള്ളത്തോൾ നാരായണമേനോൻ 1930-ൽ തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി ആസ്ഥാനമായി സ്ഥാപിച്ച കേരള കലാമണ്ഡലം കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ തുടങ്ങിയവയുടെ വികാസവും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. 2007 മുതൽ ഇതിന് കൽപ്പിത സർവകലാശാല പദവി ലഭിച്ചു.

കേരള കലാമണ്ഡലത്തിന്റെ 2012-13-ലെ റിപ്പോർട്ട് 11.03.2015-ന് സഭയിൽ സമർപ്പിച്ചതിന് ശേഷം യാതൊരു റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തതിനാൽ 25.09.2018-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ശക്തമായ താക്കീത് നൽകുകയും 3 മാസത്തിനുള്ളിൽ റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് വകുപ്പിന് കർശന നിർദേശം നൽകുകയും ചെയ്തിരുന്നു. എന്നിട്ടും റിപ്പോർട്ട് സമർപ്പണത്തിൽ യാതൊരു പുരോഗതിയും ഉണ്ടാകാത്തതിനാൽ വകുപ്പിന്റെ

നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് കുടിശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി (2019-21)-യുടെ അഞ്ചാമത് റിപ്പോർട്ടിലൂടെ വകുപ്പിന് വീണ്ടും കർശന നിർദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ തെളിവെടുപ്പിന് ശേഷം നാലുവർഷം കഴിഞ്ഞിട്ടും 2013- 14 മുതലുള്ള കുടിശിക റിപ്പോർട്ടുകളിൽ ഒന്നും തന്നെ ലഭ്യമാക്കാത്തതിനാലും സമിതി നിർദേശം പാലിക്കപ്പെടാത്തതിനാലും സാംസ്കാരികകാര്യ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും 12.12.2023 തീയതി വീണ്ടും തെളിവെടുപ്പ് നടത്തുകയും 2013-14 മുതലുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും അപ്രകാരം ലഭ്യമാക്കാമെന്ന് പ്രസ്തുത യോഗത്തിൽവകുപ്പ് സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സമിതി നിർദേശത്തിന് യാതൊരു പരിഗണനയും നൽകാതെയുള്ള വകുപ്പിന്റെയും സ്ഥാപനത്തിന്റെയും നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും 12.12.2023-ലെ തെളിവെടുപ്പ് യോഗം കഴിഞ്ഞ് ഒരു വർഷമായിട്ടും സ്ഥാപനത്തിന്റെ 11 വർഷത്തെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് നേരിട്ട് മനസ്സിലാക്കുന്നതിനും സഭയിൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതിന്റെ പ്രാധാന്യം സ്ഥാപനത്തെ നേരിട്ട് ബോധ്യപ്പെടുത്തുന്നതിനുമായാണ് 09.12.2024-ാം തീയതി കേരള കലാമണ്ഡലം നേരിട്ട് സന്ദർശിച്ച് തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിച്ചത്.

12.12.2023-ലെ തെളിവെടുപ്പ് യോഗത്തിനുശേഷം 10 ദിവസത്തിനകം കലാമണ്ഡലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ടുമായി നേരിട്ട് വകുപ്പ് ജോയിന്റ് സെക്രട്ടറിയെ ബന്ധപ്പെടണമെന്ന് കാണിച്ച് കത്ത് നൽകിയിരുന്നുവെങ്കിലും അതിന് സ്ഥാപനത്തിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാക്കിയിരുന്നില്ലെന്നും അതിനാൽ 20.04.2024-ന് മുമ്പായി മുഴുവൻ

റിപ്പോർട്ടുകളുമായി ഹാജരാകണമെന്ന് 11.04.2024-ൽ വീണ്ടും ആവശ്യപ്പെട്ടിട്ടും യാതൊരു പ്രതികരണവും കലാമണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്നും പലതവണ ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും 11 വർഷത്തെ റിപ്പോർട്ടുകൾ കുടിശികയായത് സംബന്ധിച്ച് കേരള കലാമണ്ഡലത്തിൽ നിന്നും ഒരു മറുപടിയും ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതി യോഗത്തിൽ അറിയിച്ചു.

വകുപ്പിൽ നിന്നും കത്ത് ലഭിച്ചതിനെത്തുടർന്ന് 2021-22 വരെയുള്ള റിപ്പോർട്ടുകൾ ഇ-മെയിൽ ചെയ്യുന്നും ഇ-മെയിൽ ചെയ്തപ്പോൾ ഡിലേ സ്റ്റേറ്റ്മെന്റ് മാത്രമേ മെയിൽ ചെയ്തിരുന്നുള്ളൂവെന്നതിനാൽ റിപ്പോർട്ടുകൾ തപാൽ മാർഗം അയക്കണമെന്ന് അറിയിച്ചതിൻപ്രകാരം വകുപ്പിൽ അയച്ചിരുന്നുവെന്നും അതേ തീയതിയിൽ ഡയറക്ടറേറ്റിലും അയച്ചു കൊടുത്തുവെന്നും കേരള കലാമണ്ഡലം അസിസ്റ്റന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ടുകൾ സമർപ്പിച്ച വേളയിൽ കാലതാമസത്തിനുള്ള കാരണമായി കാലതാമസപത്രികയിൽ രേഖപ്പെടുത്തിയിരുന്നതെന്താണെന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 2013-14 വർഷത്തിലെ റിപ്പോർട്ടുകൾ നേരത്തെ നൽകിയിട്ടുണ്ടെന്നും അത് ലഭിച്ചിട്ടില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് വീണ്ടും നൽകിയിട്ടുണ്ടെന്നും കലാമണ്ഡലം അസിസ്റ്റന്റ് രജിസ്ട്രാർ യോഗത്തിൽ വ്യക്തമാക്കുകയുണ്ടായി. ജീവനക്കാരുടെ അഭാവത്താലും ഭരണപരമായ കാരണങ്ങളാലും യഥാസമയത്ത് 2013-14 സാമ്പത്തിക വർഷത്തെ വാർഷിക വരവുചെലവു കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും ഈ സാഹചര്യത്തിൽ മേൽ വിശദീകരണം സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നതിനോടൊപ്പം മേലിൽ ഇത്തരത്തിൽ കാലതാമസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ഉറപ്പുനൽകുന്നുവെന്നുമാണ് 2013-14 വർഷത്തിലെ റിപ്പോർട്ടിന്റെ

കാലതാമസപത്രികയിൽ പറഞ്ഞിട്ടുള്ളതെന്നും 2015-16 വരെ യഥാസമയം റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അസിസ്റ്റന്റ് രജിസ്ട്രാർ യോഗത്തിൽ അറിയിച്ചിരുന്നു.

കേരള കലാമണ്ഡലത്തിന് 2012-ന്ന ശേഷം സ്ഥിരം വൈസ് ചാൻസലർ ഉണ്ടായിരുന്നില്ല എന്നും വൈസ് ചാൻസലറും രജിസ്ട്രാറും ഒരുമിച്ച് ഒരു ഓഫീസിൽ ഉണ്ടായിട്ട് ഏകദേശം ഒരു വർഷമേ ആയിട്ടുള്ളുവെന്നും ഭരണപരമായ കാരണങ്ങളാൽ കാലതാമസമുണ്ടായി എന്നുപറയുന്നതിലെ വസ്തുത ഇതാണെന്നും പോരായ്മകൾ ഓരോന്നായി പരിഹരിച്ചുകൊണ്ടിരിക്കുകയാണെന്നും അസിസ്റ്റന്റ് രജിസ്ട്രാർ സമിതിയെ ബോധ്യപ്പെടുത്തുകയുണ്ടായി.

<u>ഇത് സംബന്ധിച്ച് ബഹു. സ്പീക്കറുടെ റൂളിംഗ് ഉള്ളതിനാൽ ഡിലേ സ്റ്റേറ്റ്മെന്റിൽ പൊതുവായി പറയുന്ന കാരണങ്ങളായ ജീവനക്കാരുടെ അഭാവം, ഭരണപരമായ കാരണങ്ങൾ, കോവിഡ് എന്നിങ്ങനെയുള്ള കാരണങ്ങൾ കാലതാമസപത്രികയിൽ രേഖപ്പെടുത്തരുതെന്നും കാലതാമസത്തിനുള്ള വ്യക്തമായ കാരണം തന്നെ കാലതാമസപത്രികയിൽ രേഖപ്പെടുത്തണമെന്നും സമിതി നിർദേശിക്കുന്നു.</u>

2021-22 വരെയുള്ള റിപ്പോർട്ടുകൾ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നൽകിയിട്ടുണ്ടെന്ന് പ്രസ്തുത കത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ മറുപടി നൽകിയിരുന്നു. ആയതിനാൽ <u>സ്ഥാപനത്തിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കൾച്ചറൽ ഡയറക്ടറേറ്റിൽ സമർപ്പിക്കാതെ നേരിട്ട് ഗവൺമെന്റിലേക്ക് തന്നെ അയച്ചുനൽകണമെന്നും ബന്ധപ്പെട്ട മന്ത്രിയുടെ അംഗീകാരം വാങ്ങി വകുപ്പിൽ നിന്നും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.</u>

വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ എപ്രകാരം സമർപ്പിക്കണമെന്ന് വിശദമാക്കുന്ന ഒരു കൈപ്പുസ്തകം സമിതി തയ്യാറാക്കിയിട്ടുണ്ടെന്നും റി<u>പ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് പ്രസ്തുത കൈപ്പുസ്തകം ഉപയോഗപ്പെടുത്തണമെന്നും സമിതി നിർദേശിക്കുന്നു.</u>

ഒരു സ്ഥാപനം തുക ചെലവഴിക്കുമ്പോൾ അതിന്റെ പോരായ്മ ചൂണ്ടിക്കാണിക്കപ്പെടുന്നത് ഓഡിറ്റിംഗിലൂടെയാണെന്നും കൃത്യമായി ഓഡിറ്റിംഗ്

നടത്താത്തതുകൊണ്ടാണ് സമിതിക്ക് യഥാസമയം റിപ്പോർട്ടുകൾ ലഭ്യമാകാത്തതെന്നും ഓഡിറ്റ് കൃത്യമായി നടത്തിയാലേ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നും ഗവൺമെന്റിന് യഥാസമയം നടപടിയെടുക്കണമെങ്കിൽ ഓരോ വർഷത്തെ കണക്കുകളും അതതുവർഷം തന്നെ ലഭ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

സ്ഥാപനത്തിന്റെ ഓഡിറ്റ് എപ്രകാരമാണ് നടത്തുന്നതെന്ന് സമിതി ആരാഞ്ഞതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും സി.&എ.ജി. യുമാണ് സ്ഥാപനത്തിൽ ഓഡിറ്റ് നടത്തുന്നതെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ പ്രസ്തുത യോഗത്തിൽ സമിതിയെ അറിയിച്ചിരുന്നു. സംസ്ഥാന ഓഡിറ്റ് വകുപ്പും സി.&എ.ജി. യും ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാകാതിരുന്നതെന്തുകൊണ്ടാണെന്ന് ആരാഞ്ഞ സമിതി സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് നിർദേശിക്കുന്നു.

കലാമണ്ഡലത്തിന്റെ ചെലവുകളും ആസ്തികളും പ്ലാൻ ഫണ്ടും സംബന്ധിച്ചും അധിക തുക അനുവദിക്കുന്നതു സംബന്ധിച്ചുള്ള ഭരണപരമായ ബുദ്ധിമുട്ടുകളും രജിസ്ട്രാർ സമിതിയെ അറിയിച്ചപ്പോൾ സമിതിയുടെ അധികാര പരിധിയിൽനിന്നുകൊണ്ട് കലാമണ്ഡലം നേരിടുന്ന ഭരണപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുന്ന തരത്തിൽ ശിപാർശ നൽകാമെന്നും സമിതി അറിയിച്ചു.

**<u>വകുപ്പിനുള്ള പൊതുനിർദേശങ്ങൾ</u>**

ഒരു സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട്/ഓഡിറ്റ് റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് അതാത് ആക്ടിലോ ചട്ടങ്ങളിലോ വിനിർദ്ദേശിച്ചിട്ടില്ലെങ്കിലും സ്ഥാപനത്തിന്റെ വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ സാമ്പത്തിക വർഷം പൂർത്തിയായി 9 മാസത്തിനുള്ളിൽ നിയമസഭയിൽ വയ്ക്കേണ്ടതാണെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി(3) അനുശാസിക്കുന്ന എന്ന വിവരം എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നിയമസഭയ്ക്ക് രേഖകൾ സമർപ്പിക്കേണ്ടതിന്റെ ഗൗരവം ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുന്നതിന് വകുപ്പ് സെക്രട്ടറി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ദേവസ്വം വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ, നിയമസഭയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കൃത്യമായി മേശപ്പുറത്തു വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിക്ക് ലഭ്യമാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദേശിക്കുന്നു.

കുടിശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന. നമ്പർ സർക്കുലർ പ്രകാരമായിരിക്കണമെന്ന് സമിതി കർശന നിർദേശം നൽകുന്നു.

കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദേശങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള സമിതി (2019-21)-യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് സെക്രട്ടറി നിർദേശം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

പി.സി.വിഷ്ണുനാഥ്,
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
25 ജൂലൈ 2025